# കേരള സർവ്വകലാശാല

തിരുവനന്തപുരം - 695034

*അസി: എഞ്ചിനീയറുടെ കാര്യാലയം*

*ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻ*

## കെട്ടിടം വിൽപ്പന പരസ്യം

കേരള സർവ്വകലാശാലയുടെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലുള്ള പഴയ സെക്യൂരിറ്റി വിഭാഗം കെട്ടിടം, പബ്ലിക് റിലേഷൻസ് കെട്ടിടം, ഫോം സെക്ഷൻ കെട്ടിടം എന്നിവ വിൽപ്പനയ്ക്കെടുത്ത് പൊളിച്ചു നീക്കം ചെയ്യുന്നതിന് താൽപ്പര്യമുള്ള കരാറുകാരിൽ നിന്നും / മുൻപരിചയമുള്ള വ്യക്തികളിൽ നിന്നും / സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്ന കരാറുകാർ / വ്യക്തികൾ / സ്ഥാപനങ്ങൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ ക്വട്ടേഷനോടൊപ്പം തിരിച്ചറിയൽ രേഖയുടെ പകർപ്പും അസി.എഞ്ചിനീയർ, ഹെഡ്ക്വാർട്ടേഴ്സ് എന്ന പേരിൽ ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും എടുത്ത 9500/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി അടക്കം ചെയ്ത് മുദ്രവച്ച കവറിനുള്ളിൽ 2021 ഡിസംബർ 15 ബുധനാഴ്ച വൈകുന്നേരം 5.00 മണിയ്ക്കോ അതിനു മുമ്പോ ലഭിക്കത്തക്കവിധത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ നൽകേണ്ടതാണ്. അടക്കം ചെയ്യുന്ന കവറിനു പുറത്ത് 'കെട്ടിടങ്ങൾ പൊളിച്ചു വിൽക്കുന്നതിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ നൽകുന്നയാളുടെ പേരും, വിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തിയിരിക്കേണ്ടതും, അസി.എഞ്ചിനീയർ, ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻ, യൂണിവേഴ്സിറ്റി ഓഫ് കേരള- തിരുവനന്തപുരം 695034 എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടുതമാണ്. വൈകിക്കിട്ടുന്നതും നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്തതും അപൂർണ്ണമായതുമായ ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ്. .കെട്ടിടം വിലയ്ക്കെടുക്കാൻ ഉദ്ദേശിക്കുന്ന തുക

Scanned by CamScanner

അക്കത്തിലും, അക്ഷരത്തിലും എഴുതിയിരിക്കണം. ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേര്, ഒപ്പ് എന്നിവ ക്വട്ടേഷനിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്യുന്നയാൾക്ക് സർവ്വകലാശാല രജിസ്ട്രാറുടെ അനുമതി യോടുകൂടി ക്വട്ടേഷൻ സ്ഥിരപ്പെടുത്തി നൽകുന്നതും അപ്രകാരം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ക്വട്ടേഷൻ തുകയും, 5% ജി.എസ്.ടി.യും സർവ്വകലാശാല അക്കൗണ്ടിൽ മൂന്ന് പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ അടച്ച് കെട്ടിടം സ്വന്തം ചെലവിലും, ഉത്തര വാദിത്വത്തിലും പൊളിച്ച് നീക്കം ചെയ്യേണ്ടതുമാണ്. കെട്ടിടത്തിന്റെ അവശിഷ്ടം ഉൾപ്പെടെ നീക്കം ചെയ്ത് തറനിരപ്പായി ഇടേണ്ടതും, സർവ്വകലാശാലയുടെ വസ്തു വകകൾക്കും, മരങ്ങൾക്കും, സഹകെട്ടിടങ്ങൾക്കും, വ്യക്തികൾക്കും യാതൊരുവിധ അപകടവും കൂടാതെ സുരക്ഷിതമായി കെട്ടിടം പൊളിച്ചു നീക്കം ചെയ്യേണ്ടതുമാണ്.

വിൽപ്പന സംബന്ധിച്ച സംസ്ഥാനത്തും, സർവ്വകലാശാലയിലും നിലവിലുള്ള എല്ലാ നിയമങ്ങളും ഈ വിൽപ്പനയ്ക്കു ബാധകമായിരിക്കും. ഏതൊരു ക്വട്ടേഷനും മറ്റ് കാരണങ്ങൾ ഇല്ലാതെ തന്നെ നിരസിക്കുന്നതിനും ക്വട്ടേഷൻ സംബന്ധിച്ച് ഏതൊരുഘട്ടത്തിലും യുക്തമായ തീരുമാനം എടുക്കുന്നതിനുമുള്ള അവകാശം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

തിരുവനന്തപുരം

10.12.2021

**അസിസ്റ്റന്റ് എഞ്ചിനീയർ**

Scanned by CamScanner